(ഡി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സുമാർ, ആശാ വർക്കർമാർ എന്നിവർ അവരുടെ പ്രവർത്തന പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ഗൃഹ സന്ദർശനം നടത്തി രോഗപ്രതിരോധത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തിവരുന്നു.

- എഫ്. എം. റേഡിയോ, ആകാശവാണി, പത്രമാധ്യമങ്ങൾ, ടെലിവിഷൻ തുടങ്ങിയവവഴിയും ബോധവത്ക്കരണം നടത്തിവരുന്നു
- ആരോഗ്യ ബോധവത്ക്കരണ യാത്ര, മൈക്ക് പബ്ളിസിറ്റി തുടങ്ങിയവയും നടത്തുന്നു.
- വിദ്യാർത്ഥികൾ ബുധനാഴ്ച അസംബ്ലിയിൽ പകർച്ച വ്യാധി പ്രതിരോധ പ്രതിജ്ഞകൾ എടുക്കുന്നു
- റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, അന്യസംസ്ഥാന തൊഴിലാളികൾ തുടങ്ങിയവർക്ക് ആരോഗ്യ ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുന്നു
- പൊതുജനാരോഗ്യ നിയമമനുസരിച്ച് പരിശോധന നടത്തുമ്പോൾ ബോധവത്ക്കരണവും നൽകിവരുന്നു.

ജനനീ ശിശു സുരക്ഷാ പദ്ധതിയുടെ പ്രവർത്തനം

3 (8063) ശ്രീ. സാജു പോൾ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. എം. ഹംസ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ജനനീ ശിശുസുരക്ഷാ പദ്ധതിയുടെയും രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ പദ്ധതിയുടെയും സംസ്ഥാനത്തെ പ്രവർത്തനം വിലയിരുത്തിയിരുന്നോ ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ ;

(ബി) ഫണ്ട് ലഭ്യമാക്കാത്തതുകൊണ്ട് ഈ പദ്ധതികൾ മുടങ്ങിയതായുള്ള പരാതിയെക്കുറിച്ച് അന്വേഷിച്ചിരുന്നോ ;

(സി) പദ്ധതിയിലെ കേന്ദ്ര-സംസ്ഥാന ഫണ്ടിംഗ് രീതി അറിയിക്കാമോ ; ഈ പദ്ധതികൾക്കായി സംസ്ഥാന സർക്കാർ നീക്കിവച്ച തുകയുടെ വിശദവിവരം നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. എല്ലാ മാസവും സംസ്ഥാന തലത്തിൽ നടത്തുന്ന സീനിയർ മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിലും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിലും ബ്ലോക്കുതല യോഗങ്ങളിലും പ്രസ്തുത പദ്ധതിയെപ്പറ്റി (ജനനി ശിശു സുരക്ഷാ പദ്ധതി) ചർച്ച ചെയ്യുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യാറുണ്ട്.

ഈ പദ്ധതിയുടെ നടത്തിപ്പിന്റെ മേൽനോട്ടങ്ങൾക്കായി എല്ലാ തലങ്ങളിലും (സംസ്ഥാനം, ജില്ല, ബ്ലോക്ക്) പ്രത്യേകസമിതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതുകൂടാതെ രോഗികളുടെ പക്ഷത്തുനിന്നും അവർക്ക് ലഭ്യമാകുന്ന സേവനങ്ങളെ വിലയിരുത്തുന്നതിനായി പ്രത്യേകം തയ്യാറാക്കിയ ഫോറം പൂരിപ്പിച്ച് വാങ്ങുകയും പ്രസ്തുത റിപ്പോർട്ട് ഉദ്യോഗസ്ഥർ വിലയിരുത്തി പോരായ്മകൾ കാണുന്നപക്ഷം നടപടികളെടുക്കുകയും ചെയ്യുന്നു.

കേന്ദ്ര ഗവൺമെന്റിന്റെ രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ.) പദ്ധതി കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. സ്കൂൾ ആരോഗ്യപദ്ധതി ആർ.ബി.എസ്.കെ.-യുടെ ഭാഗമായാണ് പ്രവർത്തിച്ചു വരുന്നത്. സ്കൂൾ ആരോഗ്യ പദ്ധതിയുടെ ഭാഗമായി നിയമിച്ച സ്കൂൾ ഹെൽത്ത് നഴ്സുമാർ എല്ലാ ഗവൺമെന്റ്, ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിലെ കുട്ടികളെയും വിശദമായി പരിശോധിച്ച് വേണ്ട ചികിത്സ ഉറപ്പുവരുത്തുന്നു. ഈ പദ്ധതിയുടെ പ്രവർത്തന അവലോകനം എല്ലാ മാസവും മുടങ്ങാതെ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നടന്നുവരുന്നു. ജില്ലാതല അവലോകനം ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലും സംസ്ഥാനതല അവലോകനം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിലുമാണ് നടന്നുവരുന്നത്. ആർ.ബി.എസ്.കെ. പദ്ധതി പ്രകാരം ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികളുടെ പ്രധാനപ്പെട്ട 30 അസുഖങ്ങൾക്കുള്ള എല്ലാ ചികിത്സകളും പൂർണ്ണമായും സൗജന്യമാണ്.

(ബി) കേന്ദ്ര ഗവൺമെന്റിന്റെ രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം ആർ.ബി.എസ്.കെ. പദ്ധതി മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ഥാപനങ്ങളിൽ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് ജനനി ശിശു സുരക്ഷാ പദ്ധതി സുഗമമായി നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ജില്ലകൾക്ക് കൊടുത്തിട്ടുണ്ട്.

(സി) രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ.) കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ്. ഈ പദ്ധതിക്കായി 2013-14 സാമ്പത്തിക വർഷം സെപ്റ്റംബർ മാസം 21.5 കോടി രൂപ സർക്കാർ അനുവദിച്ചു. സംസ്ഥാന സർക്കാരിന്റെ ധനസഹായം ആർ.ബി.എസ്.കെ. പദ്ധതിക്കായി നീക്കിവച്ചിട്ടില്ല.

ജനനി ശിശു സുരക്ഷാ പദ്ധതിയുടെ ഭാഗമായി അമ്മയ്ക്കും കുഞ്ഞിനും ലഭ്യമാകുന്ന സേവനങ്ങളുടെ നടത്തിപ്പിനായി സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്ന എല്ലാ ഗർഭിണികൾക്കും ഒരുവയസ്സുവരെ പ്രായമുള്ള കുഞ്ഞുങ്ങൾക്കും ആവശ്യമായ ചികിത്സാചെലവ്, ലാബ് പരിശോധന, രക്തം വേണ്ടിവരുന്ന സന്ദർഭങ്ങളിൽ സൗജന്യ രക്തം നൽകൽ, പ്രസവത്തിനായി വീട്ടിൽനിന്നും ആശുപത്രിയിലേക്കും തിരിച്ചുമുള്ള സൗജന്യയാത്രാ സൗകര്യം, പ്രസവത്തിനായി ആശുപത്രിയിൽ കഴിയുന്ന സന്ദർഭങ്ങളിൽ സൗജന്യ ഭക്ഷണം എന്നീ സേവനങ്ങൾക്കാണ് കേന്ദ്ര ഫണ്ട് ഉപയോഗിക്കുന്നത്.

സംസ്ഥാന സർക്കാർ ഈ പദ്ധതിക്കായി തുക നീക്കിവച്ചിട്ടില്ല.

2014-15 സാമ്പത്തിക വർഷത്തിൽ ജനനി ശിശു സുരക്ഷാ പദ്ധതി നടത്തിപ്പിനായി അമ്മയ്ക്കും കുഞ്ഞിനുമുള്ള സേവനങ്ങൾക്കായി 29.29 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കി ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

ഗ്രാമീണ ആരോഗ്യമേഖലയിൽ ഡോക്ടർമാരുടെയും മറ്റ് സ്റ്റാഫിന്റെയും കുറവ്

4 (8064) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഗ്രാമീണ ആരോഗ്യ മേഖലയിൽ ഡോക്ടർമാരുടെയും മറ്റ് സ്റ്റാഫിന്റെയും കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(സി) നഗരപ്രദേശങ്ങളിൽ അനുവദിക്കപ്പെട്ട തസ്തികകളിൽ ഏറെക്കുറെ ആളുള്ളപ്പോൾ ഗ്രാമപ്രദേശങ്ങളിലെ നാമമാത്ര തസ്തികകളിൽപ്പോലും ആളില്ലാതാവുന്നതിന്റെ കാരണത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly